(സി) ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ നിയമമായാൽ സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഇത് സംബന്ധിച്ച നോട്ടീസ് സർക്കാരിൽ ലഭിച്ചിട്ടില്ല

(ബി)തൊഴിൽ നിയമഭേഭഗതിയിലെ പല വ്യവസ്ഥകളും ഗുണകരമല്ലാത്ത വയാണ്. സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രത്തെ യഥാസമയങ്ങളിൽ അറിയിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വിലയിരുത്തൽ നടന്നുവരുന്നു.

എക്സ്റേ യൂണിറ്റുകളുടെ പ്രവർത്തനം

19 (*229) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർദ്ദിഷ്ട സുരക്ഷാക്രമീകരണങ്ങളില്ലാത്ത എക്സ്റേ യൂണിറ്റുകൾ പ്രവർത്തിക്കുന്നകാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; അതുമൂലമുണ്ടാ കാവുന്ന അപകടങ്ങളെ ഗൗരവപൂർവ്വം കണക്കിലെടുത്തിട്ടുണ്ടോ ;

(ബി) എക്സ്റേ യൂണിറ്റുകൾ പ്രവർത്തിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത യൂണിറ്റുകൾ മാനദണ്ഡം കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും സർക്കാർ സ്ഥാപനങ്ങളിലെ യൂണിറ്റുകളുടെ സുരക്ഷ ഉറപ്പാക്കാനും സംവിധാനമുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുമൂലമുണ്ടാകാവുന്ന അപകടങ്ങളെ ഗൗരവപൂർവ്വം കണക്കിലെടുത്തിട്ടുണ്ട്.

(ബി) അറ്റോമിക് എനർജി റേഡിയേഷൻ പ്രൊട്ടക്ഷൻ റൂൾസ് 2004 സെക്ഷൻ 3 പ്രകാരം എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ലൈസൻസ് നിർബന്ധമാണ്. സംസ്ഥാനത്ത് ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റി ആണ് എക്സ്റേ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള Atomic Energy Regulatory Board Licence നൽകുന്നത്. എക്സ്റേ സ്ഥാപിക്കാൻ 18^{m2} ലുള്ള മുറിയാണ് വേണ്ടത്. ചുമരുകൾ 9 inch കനത്തിലായിരിക്കണം. ജനലുകൾ പാടില്ല. Atomic Energy Regulatory Board-ൽ അംഗീകാരം ലഭിച്ച സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന എക്സ്റേ മെഷീനുകളേ സ്ഥാപിക്കാൻ പാടുള്ളൂ എന്നിവ അതിനുള്ള ചില മാനദണ്ഡങ്ങളാണ്. വിശദവിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(സി) ഉണ്ട്. ഇന്ത്യയിലെ ആദ്യത്തെ റേഡിയേഷൻ സുരക്ഷാകാര്യാലയം കേരളത്തിൽ 1998-ൽ സ്ഥാപിതമായി. പ്രസ്തുത സ്ഥാപനമാണ് AERB licence നൽകുന്നത്. ലൈസൻസിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ റേഡിയേഷൻ സുരക്ഷാ വകുപ്പ് പരിശോധന നടത്തിവരികയാണ്.

സ്പൈസസ്സ് റൂട്ട് പദ്ധതി

20 (*230) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പ് സ്പൈസസ്സ് റൂട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ യെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) വിനോദസഞ്ചാര വികസനത്തിന് പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് ആരെല്ലാമാണ് പിന്തുണ നൽകുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly